
12/-

ഇക് ഗലത്തീ കാ ഇസാല

# ഒരു തെറ്റിദ്ധാരണ നീക്കൽ

ഹസ്രത്ത് മിർസാ ഗുലാംഅഹ്മദ് (അ)



**ഹസ്രത്ത് മിർസാ ഗുലാംഅഹ്മദ് (അ)**

(വാഗ്ദത്ത മഹ്ദീ മസീഹ്)

ഇക് ഗലത്തീ കാ ഇസാല

# ഒരു തെറ്റിദ്ധാരണ നീക്കൽ

(A Misunderstanding Removed)

**ഹസ്രത്ത് മിർസാ ഗുലാംഅഹ്മദ് (അ)**

(വാഗ്ദത്ത മഹ്ദീ മസീഹ്)

വിവർത്തകൻ:

**എൻ. അബ്ദുർറഹീം**

പ്രസാധകന്മാർ:

**ക്രസന്റ് ബുക്ക് സെന്റർ, കണ്ണൂർ.**

IK GALATHI KA IZALA
ORU THETTIDHARANA NEEKKAL
( A Misunderstanding Removed )
Author :
HAZRATH MIRZA GHULAM AHMAD (A)
Translator :
N. ABDURRAHIM
Kannur-670 003
Copy Right Reserved
Published by:
Crescent Book Centre, Kannur-670 003
Typesetting: Divine D T P
Layout & Cover: U A Gafoor
Printed at: Divine Offset Printers, Kannur - 670 001
Price: Rs. 12/-
Copies: 2000
1997 May
KAMP/M/3/'97/CB.8/2000

# സമർപ്പണം

ഈ ലഘുപുസ്തകം അച്ചടിക്കുന്നതിനുള്ള ചെലവ് മർക്കര അഹ്മദിയ്യാ ജമാഅത്ത് പ്രസിഡണ്ട്. പി.കെ. ഉമർ സാഹിബാണ് വഹിച്ചിട്ടുള്ളത്. തന്റെ പിതാവ് മർഹും പി. അഹ്മദലി (കുഞ്ഞാലി) സാഹിബിന്റെ പാവനസ്മരണയ്ക്കായി അദ്ദേഹം ഈ കൃതിയെ സമർപ്പിക്കുകയും ചെയ്തിരിക്കുന്നു. 1951ൽ ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച മർക്കരയിലെ ആദ്യത്തെ നാല് അഹ്മദികളിൽ പ്രമുഖനായിരുന്നു പരേതൻ. മർക്കര ജമാഅത്തിന്റെ സ്ഥാപനത്തിൽ പ്രധാന പങ്കുവഹിച്ചിരുന്ന അഹ്മദലി സാഹിബ് 1968ൽ ചരമം പ്രാപിച്ചു. അദ്ദേഹത്തിന്റെ പേരിൽ അദ്ദേഹത്തിന്റെ പുത്രൻ ചെയ്തിട്ടുള്ള ഈ സേവനം 'സദഖ ജാരിയ' ആയി ദൈവസവിധത്തിൽ സ്വീകരിക്കപ്പെടട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു (ആമീൻ).

- പ്രസാധകർ

# ഞാൻ ഉമ്മത്തീനബി

"ഞാനിത്രയും വിവരിച്ചിട്ടുള്ളതിന്റെ ആക സ്സാരം എന്തെന്നാൽ, അറിവുകെട്ട എതിരാളികൾ ഞാനൊരു സ്വതന്ത്രനബിയാണെന്നു അഥവാ, സ്വ തന്ത്രറസൂലാണെന്നു വാദിച്ചതായി ആരോപിക്കു ന്നതു ശരിയല്ല എന്നത്രെ. ഞാൻ അത്തരമൊരു വാദം പുറപ്പെടുവിച്ചിട്ടില്ല. അവർ നബി എന്നതിനും റസൂൽ എന്നതിനും കൽപിക്കുന്ന അർത്ഥത്തിൽ ഞാൻ പ്രവാചകനോ ദൈവദൂതനോ ആണെന്നു വാദിക്കുന്നില്ല. എന്നാൽ, മുകളിൽ വിവരിച്ച അർത്ഥ ത്തിൽ ഞാൻ ഒരു നബിയും റസൂലും തന്നെ. ഞാൻ അവർ പറയുന്ന തരത്തിലുള്ള നുബുവ്വത്തും റിസാലത്തും വാദിച്ചതായി എന്നെക്കുറിച്ചു കുത്സി തബുദ്ധ്യാ ആരോപിക്കുന്നവർ കള്ളം പറയുകയാ കുന്നു. അതു അവിശുദ്ധമായ വിചാരത്താൽ പ്ര ചോദിതമാകുന്നു. എന്നെ 'ബുറൂസി' ആയ രൂപ ത്തിൽ നബിയും റസൂലും ആക്കിയിരിക്കുന്നു."

-ഹസ്രത്ത് അഹ്മദ് (അ)

# പ്രസ്താവന

വാഗ്ദത്തമസീഹ് ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ) 1901 നവമ്പർ 5-ാം നു എഴുതി പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുകൃതിയാണ് 'ഇക് ഗലത്തീകാ ഇസാല'. ഇതിന്റെ ഇംഗ്ലീഷു വിവർത്തനം ജർമനിയിലെ മുൻ അഹ്മദിയ്യാ മുബല്ലിഗും, വിശുദ്ധ ഖുർആന്റെ ഇംഗ്ലീഷു പരിഭാഷാവ്യാഖ്യാനങ്ങളുടെ കർത്താവുമായ മൗലാനാ ഗുലാം ഫരീദ് സാഹിബ് എച്ച്.എ, എം.എ. അവർകൾ നിർവ്വഹിക്കുകയും, റബ്‌വയിൽനിന്ന് 'അഹ്മദിയ്യാ ഫോറീൻ മുസ്‌ലിം മിഷ്യൻ'സിന്റെ ആഭിമുഖ്യത്തിൽ A Misunderstanding Removed എന്നപേരിൽ പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. ഈ ഇംഗ്ലീഷു പരിഭാഷയും ഉർദു മൂലവും വെച്ചുകൊണ്ടാണ് ഞാനിതു മലയാളത്തിൽ മൊഴിമാറ്റം നടത്തിയിട്ടുള്ളത്. ഒരു ദിവ്യപുരുഷന്റെ ഗഹനമായ ആശയങ്ങൾ വിവർത്തനം ചെയ്യുമ്പോൾ ഉണ്ടാകാവുന്ന വിഷമങ്ങൾക്കൊപ്പം ഉന്നതമായ ആദ്ധ്യാത്മിക തത്വങ്ങൾ പ്രകടിപ്പിക്കുന്നതിൽ മലയാളഭാഷയുടെ പോരായ്മകളും എന്റെ അറിവുകളുടെ പരിമിതിയും കണക്കിലെടുത്ത് ഇതിൽ സംഭവിച്ചേക്കാവുന്ന പിഴവുകൾ അറിവുള്ളവർ ചൂണ്ടിക്കാട്ടുകയും അവ ഉർദു മൂലത്തെ അടിസ്ഥാനമാക്കി തി

രുത്തുകയും വേണമെന്ന് അഭ്യർത്ഥിച്ചുകൊള്ളട്ടെ. മഹാത്മാവായ ഗ്രന്ഥകർത്താവ് അത്തരം പിഴവുകൾക്ക് ഉത്തരവാദിയാകുന്നതല്ല.

ഈ കൃതിയിൽ താൻ തിരുനബിയുടെ യഥാർത്ഥ പ്രതിബിംബവും 'ബുറൂ'സും (പകർപ്പ്) ശിഷ്യപ്രവാചകനും ഉമ്മത്തീനബിയും ആണെന്നു ഹസ്രത്ത് അഹ്മദ് (അ) അസന്ദിഗ്ദ്ധമായി വാദിക്കുകയും വിശദീകരിക്കുകയും തന്റെ വാദം സംബന്ധിച്ച എല്ലാ തെറ്റിദ്ധാരണകളേയും നീക്കുകയും ചെയ്തിരിക്കുന്നു. ഹസ്രത്ത് അഹ്മദ് (അ) നബിത്വം വാദിച്ചിട്ടില്ലെന്നു ഘോഷിക്കുന്ന ലാഹൗർ പാർട്ടിക്കാരായ അഹ്മദികൾക്കും ആ ദിവ്യാത്മാവ്, തിരുനബിയേക്കാൾ ശ്രേഷ്ഠനാണെന്നു വാദിച്ചതായി ആരോപിക്കുന്നവർക്കും 'ഖാത്തമുന്നബിയ്യീൻ' ആണെന്നു വിശ്വസിക്കുന്നില്ലെന്ന് ആക്ഷേപിക്കുന്നവർക്കുമെല്ലാമുള്ള മറുപടിയാണിത്.

ഈ പരിഭാഷാകൃതി സത്യാന്വേഷികൾക്ക് ഉപകാരപ്രദമായിത്തീരട്ടെയെന്നും ഈ സേവനം ദൈവസവിധത്തിൽ സ്വീകാര്യമായിഭവിക്കട്ടെയെന്നും പ്രാർത്ഥിച്ചുകൊണ്ട് ബഹുജനസമക്ഷം അവതരിപ്പിക്കുന്നു.

31 - 5 - '97 — എൻ. അബ്ദുർറഹീം.

ഇക് ഗലത്തീ കാ ഇസാല

# ഒരു തെറ്റിദ്ധാരണ നീക്കൽ

(A Misunderstanding Removed)

بسم الله الرحمن الرحيم

# ഇക് ഗലത്തീ കാ ഇസാല

അഥവാ

# ഒരു തെറ്റിദ്ധാരണ നീക്കൽ

എന്റെ വാദങ്ങളെയും അതിന്നു പിൻബലമായുള്ള ന്യായയുക്തികളെയും കുറിച്ചു അപൂർണ്ണവും ഉപരിപ്ലവവുമായ അറിവുമാത്രമുള്ളവരും എന്റെ ലിഖിതങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കാൻ സമയമില്ലാത്തവരും തങ്ങളുടെ അറിവുകൾ പൂർണ്ണമാകുവോളം എന്റെ സാമീപ്യസമ്പർക്കത്തിൽ കഴിച്ചു കൂട്ടിയിട്ടില്ലാത്തവരും ആയ എന്റെ ജമാഅത്തിലെ ചില അംഗങ്ങൾ ചിലപ്പോൾ ഏതെങ്കിലും ഒരെതിരാളിയുടെ ആക്ഷേപം കേട്ടു യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത മറുപടി പറയാൻ ഇടയാകുന്നു. തന്നിമിത്തം അവർ നേർവഴിയിലായിരിക്കെതന്നെ, വലുതായ എളിമയിലായിത്തീരുന്നു.

അടുത്തുമാത്രമാണ് ഒരു അഹ്മദി, ഒരു 'നബി'യും (പ്രവാചകൻ) 'റസൂലും' (ദൈവദൂതൻ) ആണെന്നു വാദിച്ചിട്ടുള്ള ഒരാൾക്കാണ് താൻ ബൈഅത്ത് ചെയ്തിട്ടുള്ളതെന്ന ഒരാക്ഷേപത്തെ അഭിമുഖീകരിക്കേണ്ടിവന്നത്. ഞാൻ അപ്ര

കാരം യാതൊരു വാദവും പുറപ്പെടുവീച്ചിട്ടില്ലെന്ന് വ്യക്തമായി നിഷേധിച്ചു പറഞ്ഞുകൊണ്ട് അദ്ദേഹം ആ ആക്ഷേപത്തെ തൽക്കാലം മറികടന്നു. എന്നാൽ, ഈ പ്രത്യുത്തരം ഒട്ടും ശരിയായിരുന്നില്ല. ദൈവം എനിക്കിറക്കിയ പാവനവും പരിശുദ്ധവുമായ വെളിപാടുകളിൽ 'നബി' (പ്രവാചകൻ) എന്നും 'റസൂൽ' (ദൈവദൂതൻ) എന്നും ഉള്ള വാക്കുകൾ അടങ്ങിയിട്ടുണ്ടെന്നതാണ് യാഥാർത്ഥ്യം. ഈ വാക്കുകൾ ഒന്നോ രണ്ടോ വട്ടമല്ല, നൂറുകുറി ആവർത്തിക്കപ്പെട്ടിട്ടുള്ളതാണ്. ഈ വെളിപാടുകളുള്ളപ്പോൾ അത്തരം വാക്കുകളൊന്നും ഇല്ലാത്തതുപോലെ, അപ്രകാരമുള്ള മറുപടി നൽകുന്നത് ശരിയായിരിക്കുന്നതെങ്ങനെ? ഇത്തരം വാക്കുകൾ മുമ്പത്തേക്കാൾ അധികമായും അടിക്കടിയായും കൂടുതൽ സ്ഫുടതരമായും ഇപ്പോൾ വെളിപാടുകളിൽ കാണപ്പെടുന്നുമുണ്ട്. 22 കൊല്ലം മുമ്പ് പ്രസിദ്ധപ്പെടുത്തിയ 'ബറാഹീൻ അഹ്മദിയ്യ'യിൽ തന്നെ അത്തരം വാക്കുകൾ ധാരാളമായി കാണാവുന്നതാണ്. 'ബറാഹീ'നിൽ പ്രസിദ്ധപ്പെടുത്തിയ വെളിപാടുകളിൽ ഒന്നിതാണ്:

هو الذى ارسل رسوله بالهدى ودين الحق
ليظهره على الدين كله

"അവനത്രെ തന്റെ ദൂതനെ സന്മാർഗദർശനത്തോടും സത്യമായ ദീനോടുംകൂടി, അതിനെ മറ്റെല്ലാ മതങ്ങളുടെയും മേൽ വിജയിപ്പിക്കുന്നതിന്നുവേണ്ടി അയച്ചിട്ടുള്ളത്" (ഭാ. 406)

ഈ വെളിപാടിൽ എന്നെ വ്യക്തമായും ഒരു റസൂൽ (ദൈവദൂതൻ) ആയിട്ടുതന്നെ നിയോഗിച്ചതായി പറയുന്നു. അതേ പുസ്തകത്തിൽതന്നെ മറ്റൊരു വെളിപാടുള്ളത്:

جری الله فی حلل الانبیاء

"പ്രവാചകൻമാരുടെ പുടവയിൽ ദൈവത്തിന്റെ വീര യോദ്ധാവ്" (ഭാ. 504) എന്നാകുന്നു. ഇതോടുതൊട്ടുതന്നെ പിന്നെയുമൊരു വെളിപാട് കാണുന്നത് ഇപ്രകാരമാകുന്നു:

محمد رسول الله والذین معه اشداء علی الکفار رحماء بینهم

"മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹ ത്തോടൊപ്പമുള്ളവർ അവിശ്വാസികൾക്കെതിരെ കടുപ്പമുള്ള വരാകുന്നു: തമ്മിലാകട്ടെ കാരുണ്യമുള്ളവരും".

ഈ ദൈവീകവെളിപാടുകളിൽ ഞാൻ 'മുഹമ്മദ്' എന്നും അപ്പോലെതന്നെ 'റസൂൽ' (ദൈവദൂതൻ) എന്നും വിളിയ്ക്കപ്പെട്ടിരിക്കുന്നു. വീണ്ടും 557-ാം ഭാഗത്ത് ഈ വെ ളിപാട് കാണാം:

دنیا میں ایک نذیر آیا

"ലോകത്ത് ഒരു താക്കീതുകാരൻ വന്നു." ഇതിന്റെ മറ്റൊരു പാഠം,

دنیا میں ایک نبی آیا

"ലോകത്ത് ഒരു 'നബി' വന്നു" എന്നുമത്രെ. ഇപ്രകാ രംതന്നെ 'ബറാഹീൻ അഹ്മദിയ്യ'യിൽ വേറെയും ഒട്ടേറെ സ്ഥലങ്ങളിലും ഞാൻ 'നബി' (പ്രവാചകൻ) എന്നും 'റസൂൽ' (ദൈവദൂതൻ) എന്നും സംബോധന ചെയ്യപ്പെട്ടിട്ടുണ്ട്.

വിശുദ്ധ നബി (സ) خاتم النبیین 'ഖാത്തമുന്ന ബിയ്യീൻ' (പ്രവാചകൻമാരുടെ മുദ്ര) ആയിരിക്കെ, അദ്ദേഹ

ത്തിനു ശേഷം പുതിയ ഒരു പ്രവാചകൻ വരുന്നതെങ്ങിനെ? എന്നു ആരെങ്കിലും ചോദിക്കുകയാണെങ്കിൽ അതിന്നുള്ള ഉത്തരം ഇതാണ്:

തീർച്ചയായും, ഈസാനബിയുടെ ആവിർഭാവത്തിൽ നിങ്ങൾ വിശ്വസിക്കുന്ന അർത്ഥത്തിലും അദ്ദേഹത്തിന്റെ പ്രവാചകത്വത്തിലും അദ്ദേഹത്തിനു 40 കൊല്ലക്കാലം വെളിപാടുകൾ തുടരുന്നതിലും – തിരുനബിയുടെ പ്രവാചകത്വ കാലയളവിനേക്കാൾ കൂടിയതാണിതെന്നോർക്കണം – നിങ്ങൾ വിശ്വസിക്കുന്നതുപോലെയുള്ള പുതിയതോ പഴയതോ ആയ ഒരു നബിയും വരാൻ പാടില്ല. അത്തരമൊരു വിശ്വാസം ഗുരുതരമായ കുറ്റവും തന്നെയാണെന്നതിൽ സംശയമില്ല.

ولكن رسول الله وخاتم النبيين

"എങ്കിലും, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും 'ഖാത്തമുന്നബിയ്യീ'നും (പ്രവാചകൻമാരുടെ മുദ്രയും) ആകുന്നു" എന്ന ഖുർആൻ വാക്യവും,

لا نبي بعدى

"എനിക്കുശേഷം പ്രവാചകൻ ഇല്ല" എന്ന ഹദീസും അത്തരം തെറ്റായ സിദ്ധാന്തത്തിന്റെ പ്രത്യക്ഷമായ അസത്യത്തെ തെളിയിച്ചുകാട്ടുന്ന പ്രബലമായ സാക്ഷ്യമാകുന്നു. ഞാൻ അത്തരം വിശ്വാസങ്ങൾക്ക് തികച്ചും എതിരായിരിക്കുന്നതിന്നു പുറമെ,

ولكن رسول الله وخاتم النبيين

"എങ്കിലും, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും (റസൂലും) പ്രവാചകന്മാരുടെ മുദ്രയും (ഖാത്തമുന്നബിയ്യീനും) ആകുന്നു" എന്ന ഖുർആൻവാക്യത്തിൽ സുദൃ

ഢമായ വിശ്വാസം പുലർത്തുകയും ചെയ്യുന്നു. ഈ വാക്യത്തിൽ നമ്മുടെ എതിരാളികളുടെ ശ്രദ്ധയിൽപെടാതെപോയ ഒരു വലിയ പ്രവചനം അടങ്ങിയിരിക്കുന്നു. അത് ഇതാകുന്നു: തിരുനബിയുടെ ആവിർഭാവത്തിന്നുശേഷം കാലാവസാനം വരെ ലോകത്ത് പ്രവചനശേഷിയുടെ ദിവ്യമായ വരദാനം തടയപ്പെട്ടിരിക്കും എന്നതത്രെ അത്. ഹിന്ദുവോ ജൂതനോ കൃസ്ത്യാനിയോ നാമമാത്ര മുസ്ലിമോ ആയിട്ടുള്ള ഏതൊരാൾക്കും തന്റെ പേരിൽ നബി എന്ന സ്ഥാനപ്പേർ സ്വീകരിക്കുന്നതിനെ ന്യായീകരിക്കാൻ സാധിക്കുന്നതല്ല. ഈ അത്യുന്നതമായ പദവിക്ക് 'സിറാത്തെ സിദ്ദീഖി' (സിദ്ദീഖിന്റെ പാത) ഒഴിച്ചുള്ള മറ്റെല്ലാ സമീപനമാർഗ്ഗങ്ങളും – തിരുനബിയോടുള്ള പ്രേമാതിരേകത്തിൽ പൂർണ്ണമായ ആത്മസംഹൃതിയ്ക്ക് തുല്യമായിട്ടുള്ളതാണിത് – ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ വാതിലിലൂടെ ദൈവത്തെ സമീപിക്കുവാൻ ശ്രമിക്കുന്നവൻ പ്രവാചകത്വത്തിന്റെ കുപ്പായം – അതു പക്ഷെ, തിരുനബിയുടെ പ്രവാചകത്വത്തിന്റെ അംശം തന്നെയാകുന്നു – അണിഞ്ഞയാളായിരിക്കണം. അത്തരം പ്രവാചകവാദി മുഹമ്മദ് (സ)ന്റെ പ്രവാചകത്വത്തെ ഹാനിപ്പെടുത്തുന്നില്ല. എന്തുകൊണ്ടെന്നാൽ, അത്തരം ഒരാളുടെ പ്രവാചകത്വം തന്നെത്താൻ നിലനിൽക്കുന്നതോ സ്വതന്ത്രമായിട്ടുള്ളതോ അല്ല. തന്നിലുള്ള നന്മകളും അയാൾ സ്വന്തം വ്യക്തിത്വത്തിൽനിന്ന് നേടിയെടുത്തതല്ല. മറിച്ച്, എല്ലാ ഔദാര്യങ്ങളുടെയും നന്മകളുടെയും പ്രഭവകേന്ദ്രമായ തിരുനബിയിൽനിന്ന് ആവാഹിച്ചെടുത്തിട്ടുള്ളതാകുന്നു. ആകയാൽ, അത്തരമൊരാൾ, സ്വന്തം ഔന്നത്യവും സ്ഥാനവും ഉയർത്താനല്ല, നേരെമറിച്ച്, തിരുനബിയുടെ മഹത്വവൽക്കരണത്തിനായിട്ടാണ് നബിയായിരിക്കു

ന്നത്. അതുകൊണ്ടാണ്, അദ്ദേഹം സ്വർഗ്ഗത്തിൽ മുഹമ്മദും അഹ്മദും ആയി അറിയപ്പെടുമാറായിരിക്കുന്നത്. മുഹമ്മദിന്റെ പ്രവാചകത്വം മറ്റാരിലുമല്ലാതെ മുഹമ്മദിലേയ്ക്കു തന്നെ തിരിച്ചുവന്നു എന്നു പറയാം. എന്നുവെച്ചാൽ, ഈ പദവി അവകാശപ്പെടുന്ന ഒരാൾ തിരുനബിയുടെ എല്ലാ ഗുണങ്ങളെയും തന്നിൽ പ്രതിഫലിപ്പിക്കുകയും അവിടുത്തോടുള്ള കടപ്പാടിനെ അംഗീകരിക്കുകയും ചെയ്തുകൊണ്ട് അവിടുത്തെ നിഴലെന്നോണം പ്രവർത്തിക്കുന്നതായിരിക്കും. അങ്ങിനെ,

ما كان محمد ابا احد من رجالكم ولاكن
رسول الله وخاتم النبيين

"മുഹമ്മദ് മനുഷ്യരായ നിങ്ങളിൽ ആരുടെയും പിതാവല്ല. എന്നാൽ, അവിടുന്ന് അല്ലാഹുവിന്റെ റസൂലും നബിമാരുടെ മുദ്രയും ആകുന്നു" എന്ന വാക്യത്തിന്നു ഇങ്ങിനെ വ്യാഖ്യാനം നൽകാം:

ليس محمد ابا اهد من رجال الدنيا ولكن هو اب
لرجال الآخرة لانه خاتم النبيين ولا سبيل الى
فيوض الله من غير توسطه

"മുഹമ്മദ് ഈ ലോകത്തുള്ള മനുഷ്യരിൽ ആരുടെയും പിതാവല്ല. എന്നാൽ പരലോകത്തുള്ള മനുഷ്യരുടെ പിതാവാകുന്നു. എന്തുകൊണ്ടെന്നാൽ, അവിടുന്ന് പ്രവാചകന്മാരുടെ മുദ്രയാകുന്നു. ദൈവത്തിന്റെ അനുഗ്രഹകാരുണ്യത്തിലേയ്ക്കുള്ള യാതൊരു സമീപനവും അവിടുത്തെ മാദ്ധ്യസ്ഥ്യത്തിലൂടെയല്ലാതെ തുറന്നുകിടക്കുന്നില്ല." ചുരുക്കിപറ

ഞ്ഞാൽ, എന്റെ പ്രവാചകത്വം എന്റെ സ്വത്വം മുഖേനയല്ല. മറിച്ച്, ഞാൻ മുഹമ്മദും അഹ്മദും ആയിരിക്കുന്നതുമുഖേ നയാകുന്നു. ഞാൻ ഈ പദവിയാൽ അനുഗൃഹീതനായിരി ക്കുന്നത് ഞാൻ തിരുനബിയിൽ എന്നെ പരിപൂർണ്ണമായും ആഹുതി ചെയ്തിട്ടുള്ളതുകൊണ്ടത്രെ.

(പ്രവാചകന്മാരുടെ മുദ്ര) എന്ന പ്രയോഗത്തിന്റെ പൊരുളിനെ ഇത് ഒരു തരത്തിലും ബാധിക്കുന്നില്ല. എന്നാൽ, ഈസാമ സീഹിനെപ്പോലുള്ള ഒരു സ്വതന്ത്രപ്രവാചകന്റെ ആവിർഭാവം ഇപ്രകാരമുള്ളതല്ല. 'നബി' എന്ന ശബ്ദത്തിന്റെ പദാർത്ഥം ദൈവത്തിൽനിന്നുള്ള പരോക്ഷജ്ഞാനം ലഭിച്ചതായി അവ കാശപ്പെടുന്ന ആൾ എന്നത്രെ. ഈ നിർവ്വചനം ആരിൽ യോ ജിക്കുന്നുവോ ആ വാദി ഒരു 'നബി' (പ്രവാചകൻ) ആയി രിക്കും. ഒരു നബി അവശ്യമായും ഒരു 'റസൂൽ' (ദൈവദൂ തൻ) ആയിരിക്കുന്നതാണ്. അയാൾ 'റസൂൽ' (ദൈവദൂതൻ) അല്ലാത്തപക്ഷം പരിശുദ്ധമായ പരോക്ഷജ്ഞാനം അയാൾക്ക് അനുഗ്രഹിച്ചരുളപ്പെടുന്നതല്ല. എന്തുകൊണ്ടെന്നാൽ,

لا يظهر على غيبه احدًا الا من ارتضى من رسول

"അല്ലാഹു അവന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതൻമാ രിൽപ്പെട്ടവർക്ക് മാത്രമല്ലാതെ തന്റെ രഹസ്യജ്ഞാനങ്ങൾ അധികമായി വെളിപ്പെടുത്തികൊടുക്കുന്നതല്ല" എന്ന ഖുർ ആനിക വചനം അതിന്നു തടസ്സം നിൽക്കുന്നു. പ്രവചനം ചെയ്യുകയും ഭവിഷ്യദ്കാര്യങ്ങൾ മുൻകൂട്ടി പറയുകയും ചെ യ്യുന്ന ആൾ എന്ന അർത്ഥത്തിൽ യാതൊരു നബിയും തിരു നബിയ്ക്കുശേഷം വരികയില്ല എന്നു നാം വിശ്വസിക്കുന്ന പക്ഷം അതു തിരുനബിയുടെ അനുയായികൾക്ക് വെളിപാ

ടുകളും ദൈവത്തിന്റെ സാമീപ്യസമ്പർക്കവും ലഭ്യമല്ലെന്നു വിശ്വസിക്കുന്നതിന് തുല്യമായിരിക്കും. എന്തുകൊണ്ടെന്നാൽ,

"അവന്റെ പരോക്ഷജ്ഞാനം വെളിപ്പെടുത്തുന്നതല്ല" എന്ന വചനമനുസരിച്ച് 'നബി' (പ്രവാചകൻ) എന്നതിന്റെ നിർവചനം പരോക്ഷജ്ഞാനം വെളിപ്പെടുത്തപ്പെടുന്ന ഒരാളിൽമാത്രം ഒതുങ്ങി നിൽക്കുന്നതത്രെ. ഇപ്രകാരം തന്നെ ദൈവത്താൽ പ്രേഷണം ചെയ്യപ്പെടുന്ന ഒരാൾ റസൂലും ദൈവദൂതനും ആയിരിക്കും. തിരുനബിയ്ക്കു ശേഷം സ്വതന്ത്രമായ ശരീഅത്തോടുകൂടിയ ഒരു നബിയ്ക്കും ലോകാവസാനംവരെ വരാനാവില്ല എന്നതാണ് രണ്ടും തമ്മിലുള്ള വ്യത്യാസം. അപ്പോലെതന്നെ തിരുനബിയുടെ മാദ്ധ്യസ്ഥ്യം മുഖേനയല്ലാതെ, അയാൾ സ്വർഗ്ഗത്തിൽ 'മുഹമ്മദ്' എന്നും 'അഹ്മദ്' എന്നും അറിയപ്പെടുമാറ് തന്റെ മുഴുവൻ വ്യക്തിത്വവും തിരുനബിയിൽ ലയിച്ചിട്ടല്ലാതെ ആർക്കുംതന്നെ നബിത്വപദവി ആർജ്ജിക്കാനാവുകയില്ല. ഈ ഉപാധികൾ പൂർത്തിയാക്കിയിട്ടില്ലാത്ത നിലയിൽ നബിത്വം വാദിക്കുന്ന ആൾ 'കാഫിർ' (അവിശ്വാസി) ആണ്. خاتم النبيين 'ഖാത്തമുന്നബിയ്യീൻ' (പ്രവാചകൻമാരുടെ മുദ്ര) എന്ന ശബ്ദത്തിന്റെ അർത്ഥം ആവശ്യപ്പെടുന്നത് റസൂൽതിരുമേനിയിൽനിന്നുള്ള വ്യത്യാസത്തിന്റെ സകല അടയാളങ്ങളും അപ്രത്യക്ഷമാകണമെന്നാണ്. അതിന്റെ നേരിയ ഒരു മറപോലും അവശേഷിച്ചിരിക്കെ നബി (പ്രവാചകൻ) ആണെന്നു വാദിക്കുന്ന ഏതൊരാളും خاتم النبيين 'ഖാത്തമുന്നബിയ്യീൻ' (പ്രവാചകന്മാരുടെ മുദ്ര) എന്ന ശബ്ദം സൂചിപ്പിക്കുന്ന ആ സീൽ

പൊട്ടിക്കുന്ന ആളായി മുദ്രയടിക്കപ്പെടും. എന്നാൽ, പരിപൂർണ്ണമായ ഐക്യത്തിന്റെ ഫലമായി തന്റെ മുഴുവൻ ഉൺമയും പ്രവാചകന്റേതിൽ ലയിപ്പിച്ചില്ലാതാക്കുകയും വ്യത്യസ്തതയുടെ അതിസൂക്ഷ്മമായ അടയാളംപോലും തുടച്ചുനീക്കുകയും, ഒരു കറയറ്റ ദർപ്പണമെന്നോണം തിരുനബിയുടെ സകല സൗന്ദര്യങ്ങളും തന്നിൽ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നതാരോ അയാൾ 'നബി' (പ്രവാചകൻ) എന്നു വിളിയ്ക്കപ്പെടും. അയാൾ മുഹമ്മദിന്റെ ഒരു പ്രതിബിംബവും അവിടുത്തെ മറ്റൊരു രൂപവും ആയിരിക്കുന്നതിനാൽ പ്രവാചകന്റെ സീൽ പൊട്ടിക്കുമാറില്ലതാനും. ആകയാൽ, 'മുഹമ്മദ്'എന്നും 'അഹ്മദ്' എന്നും വിളിയ്ക്കപ്പെടാൻ അർഹത നേടുന്ന ആളുടെ ഭാഗത്തുനിന്നുള്ള പ്രവാചകവാദം 'ഖാത്തമുന്നബിയ്യീൻ' എന്നുള്ള തിരുനബിയുടെ പദവിയുടെ അന്തസ്സിനോ സ്ഥാനത്തിനോ യാതൊരുവിധത്തിലും പൊരുത്തക്കേടുള്ളതല്ല. എന്തുകൊണ്ടെന്നാൽ, സമ്പൂർണ്ണമായ ആത്മസംഹൃതിയിലൂടെ അയാൾ മുഹമ്മദ് (സ) ന്റെ പ്രതിരൂപവും നിഴലും ആയിത്തീരുകയും അദ്ദേഹത്തിന്റെ നാമംപോലും ആർജ്ജിക്കുകയും ചെയ്യുന്നു. എന്നാൽ, ഈസാമസീഹിന്ന് പ്രവാചകന്റെ ഈ സീൽ പൊട്ടിക്കാതെ വരാനൊക്കുകയില്ല. കാരണം, അദ്ദേഹത്തിന്റെ പ്രവാചകത്വം മറ്റൊരു തരത്തിലുള്ളതത്രെ. എന്നാൽ, തിരുനബിയുടെ പ്രതിരൂപവും പ്രതിച്ഛായയും ആണെന്ന അർത്ഥത്തിലും ഒരാൾക്ക് പ്രവാചകത്വപദവി പ്രാപ്യമല്ലെങ്കിൽ പിന്നെ,

اهدنا الصراط المستقيم صراط الذين انعمت عليهم

"നീ ഞങ്ങളെ നേർവഴിയിലാക്കേണമേ? നീ അനുഗ്ര

ഹിച്ചവരുടെ വഴിയിൽതന്നെ" എന്ന വാക്യത്തെ വ്യാഖ്യാനിക്കുന്നതെങ്ങിനെ?*

പ്രസ്തുത ശബ്ദത്തിന്റെ ഈ അർത്ഥത്തിൽ പ്രവാചകത്വവും (നുബുവ്വത്ത്) ഈ ദിവ്യദൌത്യവും (റിസാലത്ത്) വാദിക്കാൻ ഞാനൊരിക്കലും വിമുഖത കാണിച്ചിട്ടില്ലെന്ന് ഓർത്തുകൊള്ളേണ്ടതാണ്. ഈ അർത്ഥത്തിലാണ് വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് ഒരു നബി (പ്രവാചകൻ) ആണെന്ന് 'സഹീഹ് മുസ്‌ലി'മിൽ പറയപ്പെട്ടിരിക്കുന്നത്. ദൈവത്തിൽനിന്നു പരോക്ഷജ്ഞാനം പ്രഖ്യാപിക്കുന്ന ആൾ പ്ര

---

*തിരുനബിയുടെ സഹാബത്തിന് പൂർവ്വകാലത്തെ പ്രവാചകൻമാരിലും അനുഗ്രഹിച്ചരുളിയിരുന്ന എല്ലാ അനുഗ്രഹങ്ങളും വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു എന്ന വസ്തുത ഓർത്തിരിക്കേണ്ടതാണ്. അവയിലൊന്ന്, പൂർവ്വ പ്രവാചകന്മാരെന്നു അറിയപ്പെടാൻ കാരണമായിട്ടുള്ള പ്രവചനങ്ങളും ഭവിഷ്യൽകാര്യങ്ങൾ മുൻകൂട്ടി പറയാനുള്ള കഴിവും അത്രെ. എന്നാൽ,

لا يظهر على غيبه احدًا الا من ارتضى من رسول

അതായത്, പരോക്ഷരഹസ്യങ്ങൾ അല്ലാഹു അവൻ തൃപ്തിപ്പെടുന്ന – തെരഞ്ഞെടുക്കുന്ന – അവന്റെ റസൂലിന്നല്ലാതെ വെളിപ്പെടുത്തുന്നതല്ല എന്ന വാചകം സൂചിപ്പിക്കുന്നതുപ്രകാരം പരോക്ഷജ്ഞാനങ്ങളുടെ വരപ്രസാദം പ്രവാചകന്മാർക്കും ദൈവദൂതന്മാർക്കുമല്ലാതെ നൽകുന്നതല്ലെന്നു ഖുർആൻ നിഷേധിച്ചു പറയുന്നു. ആകയാൽ, പരോക്ഷരഹസ്യങ്ങളുടെ വിശുദ്ധവും സ്വച്ഛവുമായ അറിവിന്റെ എന്നുവച്ചാൽ, പ്രവാചകത്വത്തിന്റെ ലബ്ധിയും അതായത്, انعمت عليهم (നീ അനുഗ്രഹിച്ചവർ) എന്ന വാചകവും തിരുനബിയുടെ അനുയായികൾ പരോക്ഷരഹസ്യങ്ങളുടെ ഈ നിർമ്മലമായ ജ്ഞാനം പ്രവാചകലബ്ധിയെ മുന്നുറപ്പിക്കുന്നുവെങ്കിലും ഇത് തിരുനബിയിൽനിന്നും സ്വതന്ത്രമായ നിലയിൽ പ്രാപ്യമാകുന്നതേയല്ല. തന്നിമിത്തം തിരുനബിയിൽ ഒരാളുടെ സ്വത്വം പരിപൂർണമായും ലയിപ്പിക്കുകയും അതോടൊപ്പം തിരുനബിയുടെ സൗന്ദര്യം പ്രതിഫലിപ്പിക്കുകയും ചെയ്യേണ്ടത് അയാളിൽ അത്തരം ഒരു അനുഗ്രഹം പ്രദാനം ചെയ്യപ്പെടുന്നതിന്റെ അവശ്യോപാധിയായിരിക്കുന്നതാണ്.

വാചകത്വത്തിന്നു അവകാശിയല്ലെങ്കിൽ മറ്റെന്തു പേരാണ് നിങ്ങളയാൾക്ക് നൽകുക? 'മുഹദ്ദസ്' ( محدث ) എന്ന പദത്തിന്റെ ഉള്ളടക്കം അത്തരം ഒരാളുടെ ആത്മീയസ്ഥാനത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്നു എന്നതിന്നു യാതൊരു നിഘണ്ടുവും പിന്തുണ നൽകുന്നില്ല. 'തഹ്ദീസ്' ( تحديث ) എന്ന അറബിപദം പരോക്ഷകാര്യങ്ങളുടെ രഹസ്യജ്ഞാനം ആർജ്ജിക്കയും പ്രഖ്യാപിക്കയും ചെയ്യുന്നതിന്നുള്ള ശബ്ദമായി ഒരു നിഘണ്ടുവിലും വിവരിക്കപ്പെട്ടിട്ടില്ല. എന്നാൽ, 'നുബുവ്വത്ത്' (പ്രവാചകത്വം) എന്നത് അത്തരത്തിൽ പരോക്ഷജ്ഞാനം ലഭിക്കൽ ആയി വിവരിക്കുന്നുമുണ്ട്. 'നബി' എന്ന പദം അറബിയിലും അബ്രാനിയിലും പൊതുവായിട്ടുള്ളതാണ്. ഹിബ്രുവിലും അതു 'നബി' എന്നാണ് ഉച്ചരിക്കപ്പെടുക. പ്രവചനവരം ദൈവത്തിൽനിന്ന് അനുഗ്രഹിച്ചരുളപ്പെട്ട ആളെന്ന അർത്ഥത്തിൽ 'നബഅ' ( نبأ ) എന്ന ശബ്ദത്തിൽനിന്നു നിഷ്പന്നമാണത്. പുതിയൊരു നിയമം ആവാഹിക്കുകയോ കൊണ്ടുവരികയോ ചെയ്യുകയെന്നതു പ്രവാചകത്വത്തിന്റെ സമാനശബ്ദമല്ല. പരോക്ഷജ്ഞാനരഹസ്യങ്ങൾ ഒരാൾക്ക് വെളിപ്പെടുത്തപ്പെടുന്നതിന്നു കാരണമായിത്തീരുന്ന ദൈവികമായ വരദാനം മാത്രമാണത്. 150 ഓളം പ്രവചനങ്ങളുടെ വ്യക്തമായ പൂർത്തീകരണത്തിന്നു ഞാൻതന്നെ സാക്ഷ്യം വഹിച്ചിരിക്കെ ഒരു പ്രവാചകനെന്നോ ദൈവദൂതനെന്നോ എന്നെ വിളിക്കുന്നതിന്നു ഞാനെന്തിനു മടിക്കണം? ഈ നാമം ദൈവംതന്നെയാണെന്നിൽ അനുഗ്രഹിച്ചരുളിയത്. അതു തിരസ്കരിക്കാൻ ഞാനാര്? ദൈവത്തിന്നെതിരിൽ ഞാനാരെയെങ്കിലും എന്തിനു ഭയപ്പെടണം? എന്നെ എഴുന്നേൽപ്പിച്ചവനാരോ, തന്നെപ്പറ്റി കളവുകൾ കെട്ടി

പറയുന്നവന്റെമേൽ എതൊരുവൻ ശാപങ്ങൾ ചൊരിയുമോ, അവനെ സാക്ഷിനിറുത്തിക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു, അവൻതന്നെയാണ് എന്നെ വാഗ്ദത്തമസീഹായി നിയോഗിച്ചയച്ചിട്ടുള്ളത്. എനിയ്ക്കുണ്ടായ വ്യക്തമായ വെളിപാടുകളിൽ എനിയ്ക്കുള്ള 'ഈമാൻ' (ദൃഢവിശ്വാസം) വിശുദ്ധഖുർആനിൽ എനിയ്ക്കുള്ള ഈമാനിനേക്കാൾ ഉറപ്പിലും അജയ്യതയിലും തരിമ്പോളവും കുറഞ്ഞതല്ലതാനും. ദൈവം എന്നിൽ ഇറക്കുമാറായ വെളിപാടുകളുടെ സത്യാവസ്ഥ അവൻ കാണിച്ച തുടരെതുടരെയുള്ള ദൃഷ്ടാന്തങ്ങളിലൂടെ പ്രത്യക്ഷമായിക്കഴിഞ്ഞിട്ടുള്ളതുമത്രെ. എനിയ്ക്കിറങ്ങികൊണ്ടിരിക്കുന്ന വിശുദ്ധങ്ങളായ വെളിപാടുകൾ മൂസാനബിയ്ക്കും ഈസാനബിയ്ക്കും നബി മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയ്ക്കും തന്റെ വചനമിറക്കിയ അതേ അല്ലാഹുവിന്റെ വചനംതന്നെയാണെന്നു വിശുദ്ധകഅബയിലെ പരിപവിത്രമായ തിരുസ്ഥാനങ്ങളിൽനിന്നുകൊണ്ട് അല്ലാഹുവിനെ ആണയിട്ടു പ്രഖ്യാപിക്കുവാൻ എനിയ്ക്ക് ഒരു വിരോധവുമില്ല! എന്റെ വാദങ്ങളുടെ സത്യത്തിന് ഭൂമി സാക്ഷ്യം വഹിച്ചിരിക്കുന്നു; ആകാശവും സാക്ഷ്യം വഹിച്ചിരിക്കുന്നു. ഞാൻ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിതന്നെയെന്നു ഭൂമിയും ആകാശവും പ്രഖ്യാപിക്കുകയും പ്രഘോഷിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, പൂർവ്വകാലങ്ങളിലെ പ്രവചനങ്ങളിൽ പറയപ്പെട്ടപ്രകാരം ഞാൻ തള്ളപ്പെടേണ്ടതുണ്ടായിരുന്നു! ആകയാൽ, ഹൃദയത്തിൽ മറയുള്ളവൻ എന്നെ കൈകൊള്ളുകയില്ല. എന്നാൽ, മുൻകാലങ്ങളിൽ തന്റെ ദൂതന്മാരെ എന്നും ദൈവം സഹായിച്ചിട്ടുള്ളതുപോലെ അവൻ എന്നെയും സഹായിക്കുകതന്നെ ചെയ്യുമെന്ന് എനിക്ക് ദൃഢബോദ്ധ്യം വന്നി

ട്ടുമുണ്ട്. എനിയ്ക്കെതിരിൽ നിൽക്കാൻ കഴിയുന്നവൻ ആരും തന്നെയില്ല. എന്തുകൊണ്ടെന്നാൽ, അവർക്ക് ദൈവികമായ സാഹായ്യം ലഭിക്കുന്നതല്ല. ഞാൻ പ്രവാചകനും (നബി) ദൈവദൂതനും (റസൂൽ) അല്ലെന്ന് എവിടെയെവിടെയെല്ലാം ഞാൻ നിഷേധിച്ചു പറഞ്ഞിട്ടുണ്ടോ അവിടെയെല്ലാം തന്നെ, ഞാൻ ഒരു പുതിയ ശരീഅത്തുടയ പ്രവാചകനോ, സ്വതന്ത്രപ്രവാചകനോ അല്ലെന്ന അർത്ഥത്തിൽ മാത്രമാകുന്നു അപ്രകാരം പറഞ്ഞത്. എന്നാൽ, മഹാനായ, ധന്യാത്മാവായ എന്റെ യജമാനൻമുഖേന ആത്മീയമായി അനുഗൃഹീതനായ നിലയിലും അവിടുത്തെ നാമം ആർജ്ജിക്കാൻ കഴിഞ്ഞിരിക്കയാലും പരോക്ഷജ്ഞാനം എനിയ്ക്ക് അനുഗ്രഹിച്ചരുളപ്പെട്ടിരിക്കുന്നു എന്ന അർത്ഥത്തിൽ ഞാൻ നിശ്ചയമായും ഒരു നബി ആകുന്നു. എന്നാൽ, ഞാൻ വീണ്ടും ആവർത്തിച്ചുപറയട്ടെ, ഞാൻ ഒരു പുതിയ ശരീഅത്ത് കൊണ്ടുവന്നിട്ടില്ല; പരിചയപ്പെടുത്തീട്ടുമില്ല; ഇത്തരത്തിലുള്ള ഒരു പ്രവാചകനാണെന്നത് ഞാനൊരിക്കലും നിഷേധിച്ചിട്ടുമില്ല. മറിച്ച്, ഇതേ അർത്ഥത്തിൽ ദൈവം എന്നെ 'നബി' (പ്രവാചകൻ) എന്നും 'റസൂൽ' (ദൈവദൂതൻ) എന്നും വിളിച്ചിരിക്കുന്നു. ആകയാൽ, നബി എന്നും റസൂൽ എന്നുമുള്ള പദത്തിന്റെ ഈ വിവക്ഷപ്രകാരം പ്രവാചകൻ എന്നും ദൈവദൂതൻ എന്നും എന്നെ വിളിച്ചു കൊള്ളാവുന്നതിനെ ഞാൻ ഇപ്പോഴും നിഷേധിക്കുന്നില്ല.

من نیستم رسول و نیاورده ام کتاب

'മൻ നേസ്തം റസൂലൊ നയാവർദ ഉമ്മെ കിതാബ്'

"ഞാൻ ഒരു പ്രവാചകൻ അല്ല, പുതിയ ഗ്രന്ഥം കൊണ്ടുവന്നിട്ടുമില്ല" എന്ന എന്റെ പ്രസ്താവനയ്ക്ക് ഞാൻ

മറ്റൊരു ശരീഅത്തുടയ പ്രവാചകനല്ല എന്നല്ലാതെ മറ്റൊരു വിവക്ഷയുമില്ല. തീർച്ചയായും, ഇതോടൊപ്പംതന്നെ ഇക്കാര്യവും ഓർമ്മവെക്കേണ്ടിയിരിക്കുന്നു. അല്ല, ഒരിക്കലും വിസ്മരിക്കാൻ പാടില്ലാത്തതാണിത്. അതായത്, ഞാൻ 'നബി'യെന്നും 'റസൂൽ' എന്നും വിളിയ്ക്കപ്പെട്ടിരിക്കുകയാണെങ്കിലും ഈ ആത്മീയാനുഗ്രഹങ്ങൾക്കും വരപ്രസാദങ്ങൾക്കും ഞാൻ ആരുടെയും മാദ്ധ്യസ്ഥ്യം കൂടാതെ സ്വതന്ത്രമായനിലയിലല്ല അവകാശിയായിത്തീർന്നിട്ടുള്ളത് എന്ന് ദൈവം എന്നെ അറിയിച്ചിരിക്കുന്നു. അല്ല, സ്വർഗ്ഗത്തിൽ ഒരു പരിശുദ്ധമായ സത്ത (തിരുനബി-സ) വസിക്കുന്നുണ്ട്. അവിടുത്തെ ആത്മീയപരിരക്ഷണത്തിലത്രെ ഈ എല്ലാ ദൈവീകാനുഗ്രഹങ്ങളും എന്നിൽ വർഷിക്കപ്പെട്ടിരിക്കുന്നത്. അവിടുത്തെ മാദ്ധ്യസ്ഥ്യം മൂലവും, ആ മഹാപ്രവാചകന്റെ സത്തയിൽ എന്റെ മുഴുവൻ സ്വത്വവും ഞാൻ പരിപൂർണ്ണമായും ലയിപ്പിക്കുകയും, ഞാൻ 'മുഹമ്മദ്' എന്നും 'അഹ്മദ്' എന്നും അറിയപ്പെടുകയും ചെയ്തതിനാലും ആണ് ഞാൻ റസൂലും നബിയും ആയിത്തീർന്നിരിക്കുന്നത്. എന്നുവെച്ചാൽ, ഞാൻ ഒരു ദൗത്യവുമായി പ്രേഷണം ചെയ്യപ്പെട്ടിരിക്കുകയാണ്. എനിയ്ക്കു പരോക്ഷജ്ഞാനം നൽകപ്പെട്ടിരിക്കുന്നു. ഈ രൂപത്തിൽ എന്റെ പ്രവാചകവാദം ഒരു പ്രകാരത്തിലും തിരുനബിയുടെ 'ഖാത്തമുന്നബിയ്യീൻ' (പ്രവാചകൻമാരുടെ മുദ്ര) എന്ന സ്ഥാനപ്പേരുമായി ഇടയുന്നില്ല. എന്തുകൊണ്ടെന്നാൽ, ഈ നാമം എനിയ്ക്കു ലഭ്യമായിരിക്കുന്നത് ഞാൻ ആ മഹാപ്രവാചകന്റെ മഹത്വങ്ങൾ സർവ്വതുംതന്നെ എന്നിൽ പ്രതിഫലിപ്പിച്ചുകൊണ്ടും, അവിടുത്തെ സ്നേഹാഗ്നിയിൽ ഞാൻ എന്നെത്തന്നെ ആഹുതി ചെയ്തതു കൊണ്ടുമത്രെ. എനിയ്

ക്കിറങ്ങിയ വെളിപാടുകളിൽ ഞാൻ നബി എന്നു വിളിയ്ക്കപ്പെട്ടിരിക്കുന്നതിൽ ആരെങ്കിലും ആക്ഷേപിക്കുന്നുണ്ടെങ്കിൽ അവനൊരു പരമവിഡ്ഢി മാത്രമാകുന്നു. എന്തുകൊണ്ടെന്നാൽ, നുബുവ്വത്തും രിസാലത്തും ദൈവികമായ മുദ്രയെ ഒരു പ്രകാരത്തിലും ഹാനിപ്പെടുത്തുന്നില്ല.*

എന്നെ ദൈവം 'നബി' എന്നും 'റസൂൽ' എന്നും വിളിച്ചിരിക്കുന്നു എന്നു ഞാൻ പറയുകയും, തിരുനബിയ്ക്കു

---

*ഒരു ഭാഗത്ത് തിരുനബിയുടെ 'ഖാത്തമുന്നബിയ്യീൻ' (പ്രവാചകൻമാരുടെ മുദ്ര) എന്ന പദവി അതേപടി നിലനിൽക്കുമ്പോൾ മറ്റൊരുഭാഗത്ത് തിരുനബിയുടെ മുഴുവൻ ഉമ്മത്തും

لا يظهر على غيبه احدًا الا من ارتضى من رسول

"പരോക്ഷകാര്യങ്ങൾ അല്ലാഹു അവൻ തെരഞ്ഞെടുക്കുന്ന ആൾക്കല്ലാതെ അതായത്, അവന്റെ ദൂതന്മാർക്കല്ലാതെ വെളിപ്പെടുത്തുന്നതല്ല" എന്ന ഖുർആനിക വാക്യത്തിൽ (72:25) സൂചിതമായിട്ടുള്ള പ്രവാചകത്വത്തിന്റെ അനുഗ്രഹത്തിൽനിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നുമില്ല എന്നത് എത്രമാത്രം ശ്രദ്ധേയമായിരിക്കുന്നു. എന്നാൽ, തിരുനബിയ്ക്ക് ഏതാണ്ട് 600കൊല്ലം മുമ്പു ജീവിച്ച ആളും തിരുനബിയിൽനിന്നു സ്വതന്ത്രനായ നിലയിൽ പ്രവാചകത്വം നേടിയിട്ടുണ്ടായിരുന്ന ആളുമായ ഈസാനബി (അ) ഈലോകത്തു തിരിച്ചുവരികയും പൂർണ്ണപ്രഭാവനായ ഒരു പ്രവാചകനായി പ്രവർത്തിക്കുകയും വിരാജിക്കുകയും ചെയ്യുമെന്നും വിശ്വസിക്കുന്നപക്ഷം ഇസ്‌ലാമിന്റെ അന്തസ്സിന്നു ഗുരുതരമായ ആഘാതമേൽക്കുകയും ഖുർആനിലെ 33:40-ാം ആയത്ത് കള്ളമായിത്തീരുകയും ചെയ്യുന്നതാകുന്നു. അത്തരം വിശ്വാസം സ്വീകരിക്കുന്നപക്ഷം നമ്മുടെ എതിരാളികളിൽനിന്നു ധാരാളം നിന്ദനങ്ങൾ കേൾക്കേണ്ടിവരുന്നതുമാണ്. അവർ കഴിയുന്നേടത്തോളം നിന്ദനങ്ങൾ ചൊരിഞ്ഞുകൊള്ളട്ടെ! എന്നാൽ,

وسيعلم الذين ظلموا اى منقلب ينقلبون

"അക്രമം പ്രവർത്തിച്ചവർ തങ്ങൾ ഏതു സ്ഥലത്തേയ്ക്കാണ് തിരിച്ചു ചെല്ലുക എന്നു താമസിയാതെ അറിയുമാറാകും" (26:28).

ശേഷം ഈസാനബി (അ) വീണ്ടും വരുമെന്നും അദ്ദേഹം അപ്പോൾ നബി ആയിരിക്കുമെന്നുമുള്ള വിശ്വാസം എന്റെ എതിരാളികൾ പുലർത്തുകയും ചെയ്യുമ്പോൾ, തിരുനബിയ്ക്കു ശേഷം ഒരു പ്രവാചകൻ ആവിർഭവിക്കുന്നത് അവിടുത്തെ 'ഖാത്തമുന്നബിയ്യീൻ' എന്ന സ്ഥാനത്തിന് ക്ഷതിയേൽക്കുന്നു എന്ന ആക്ഷേപം എന്റെ ആവിർഭാവത്തിന്നെന്നപോലെതന്നെ ഈസാനബിയുടെ രണ്ടാം വരവിന്നും ബാധകമായിത്തീരുന്നു എന്നതു ഒരു തുറന്ന സത്യമാണല്ലോ. എന്നാൽ, വാക്കിന്റെ യഥാർത്ഥവും പൂർണവുമായ അർത്ഥത്തിൽ 'ഖാത്തമുന്നബിയ്യീൻ' ആയിരുന്ന തിരുനബിയ്ക്കുശേഷം ഞാൻ നബിയും റസൂലും ആയിരിക്കുന്നതിൽ ആക്ഷേപാർഹമായി ഒന്നും തന്നെയില്ല എന്നും ഈ യാഥാർത്ഥ്യം ഒരു പ്രകാരത്തിലും 'ഖാത്തമുന്നബിയ്യീൻ' എന്ന അവിടുത്തെ സ്ഥാനവുമായി ഇടയേണ്ടിവരുന്നില്ലാ എന്നും ആണ് എനിയ്ക്കു പറയാനുള്ളത്.

വിശുദ്ധഖുർആനിലെ

وآخرين منهم لما يلحقوا بهم

"അവരോടൊപ്പം ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലും" (63:3) എന്ന വചനപ്രകാരം ഞാൻ ഖാത്തമുൽഅമ്പിയാ ആയ തിരുനബിയുടെ പ്രതിരൂപമാകുന്നു. 20 കൊല്ലം മുമ്പ് 'ബറാഹീൻ അഹ്മദിയ്യ'യിൽ അല്ലാഹു എന്റെ പേർ 'മുഹമ്മദ്' എന്നും 'അഹ്മദ്' എന്നും വെക്കുകയും എന്നെ തിരുനബിയുടെ പ്രതീകം ആയി പ്രഖ്യാപിക്കുകയും ചെയ്തു. ആകയാൽ, ഈ രൂപത്തിൽ തിരുനബിയുടെ 'ഖാത്തമുൽ അമ്പിയാ' എന്ന പദവിയ്ക്ക് എന്റെ നുബുവ്വത്ത് കാരണം യാതൊരു പ്രകാരത്തിലുള്ള ക്ഷതിയും സംഭ

വിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, നിഴൽ അതിന്റെ മൂലസ്വരൂപത്തിൽനിന്നു ഭിന്നമായിരിക്കുന്നില്ല. ഞാൻ പ്രതിരൂപാത്മകമായി മുഹമ്മദ് (സ) തന്നെയാകുന്നു. ചുരുക്കത്തിൽ, ഈ രൂപത്തിൽ ഖാത്തമുന്നബിയ്യീന്റെ മുദ്രയ്ക്ക് യാതൊരു ക്ഷതവും പറ്റിയില്ല. എന്തുകൊണ്ടെന്നാൽ, മുഹമ്മദ് (സ) ന്റെ നുബുവ്വത്ത് മുഹമ്മദ് (സ) ൽതന്നെ ഒതുങ്ങിനിന്നു. എന്നുവെച്ചാൽ, എല്ലാ പ്രകാരത്തിലും നബി (സ) പൂർണ്ണനബിയായിതന്നെ നിലനിന്നു; മറ്റാരുമായിട്ടല്ല. അതായത്, ഞാൻ പ്രതിരൂപപരമായി തിരുനബി (സ) ആയിരിക്കുമ്പോൾ പ്രതിരൂപപരമായി മുഹമ്മദീനുബുവ്വത്തിനോടൊപ്പം മുഹമ്മദിയായ സകല പൂർണ്ണതകളും എന്റെ പ്രതിരൂപാത്മകമായ കണ്ണാടിയിൽ പ്രതിബിംബിക്കുമാറായി. അപ്പോൾ വേറിട്ടുനിന്നുകൊണ്ടു സ്വതന്ത്രമായ നിലയിൽ നുബുവ്വത്തിന്റെ വാദം പുറപ്പെടുവിച്ച ആ വ്യത്യസ്തവ്യക്തി മറ്റേതൊരുത്തനാണ് ?

എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ലെങ്കിൽ, വാഗ്ദത്ത മഹ്ദീ ഇമാം ബാഹ്യപ്രകൃതിയിലും ആത്മീയഭാവത്തിലും – ഖൽഖിലും ഖുൽഖിലും– തിരുനബിയുടെ സദൃശൻ ആയിരിക്കുമെന്നും അദ്ദേഹത്തിന്റെ നാമം തിരുനബിയുടെ നാമങ്ങളുമായി യോജിച്ചതായിരിക്കുമെന്നും അതായത്, അദ്ദേഹത്തിന്റെ പേർ 'അഹ്മദ്' എന്നും 'മുഹമ്മദ്' എന്നും ആയിരിക്കുമെന്നും അദ്ദേഹം 'അഹ്‌ലുബൈ'ത്തിൽ*പെട്ട ആളായിരിക്കുമെന്നുമുള്ള ഹദീസുകളോ? ചില ഹദീസുകളിലാകട്ടെ, "എന്നിൽപ്പെട്ടവനായിരിക്കും" എന്നും പറയപ്പെട്ടിരിക്കുന്നു.

---

*എന്റെ പൂർവ്വപിതാക്കളുടെ ചരിത്രത്തിൽനിന്ന് എന്റെ മഹാമാതാമഹികളിൽ ഒരാൾ സയ്യിദ് വംശജയും ബനീഫാത്തിമ പരമ്പരയിൽപെട്ടവരുമാണെന്നു സ്ഥാപിക്കപ്പെട്ടിരിക്കുന്നു. തിരുനബി (സ) തന്നെ അതു സ്ഥി

ഈ ആഴമേറിയ സാദൃശ്യസൂചന അദ്ദേഹം ആത്മീയ ദൃഷ്ടിയിൽ അതേ നബിയിൽനിന്നു പുറപ്പെട്ടയാളും അതേ ആത്മാവിന്റെ പ്രതിരൂപവും ആയിരിക്കുമെന്ന യാഥാർത്ഥ്യത്തെയാണ് ചൂണ്ടിക്കാട്ടുന്നത്.

തിരുനബി (സ) വാഗ്ദത്ത മഹ്ദിയുമായുള്ള തന്റെ ഉറ്റബന്ധം വിവരിക്കുന്നതിന്നു ഉപയോഗിച്ചിട്ടുള്ള വാക്കുകൾ – രണ്ടാളുകളുടെയും പേരുകൾതന്നെ ഒന്നാക്കിക്കൊണ്ടുള്ള

---

രീകരിച്ചിട്ടുമുണ്ട്. ഒരു സ്വപ്നത്തിൽ എന്നെകുറിച്ച്

سلمان منا اهل البيت على مشرب الحسن

(സൽമാൻ നമ്മിൽപെട്ടവനാകുന്നു; അഹ്ലുൽ ബൈത്തിൽപെട്ടവൻ ഹസന്റെ ഭാവഗുണങ്ങളിൽ) എന്നിങ്ങനെ എന്നോടുപറയുകയും എനിക്ക് സൽമാൻ ( سلمان ) എന്നു പേരുവെക്കുകയും ചെയ്തു. അതായത്, രണ്ടു 'സല'മുകൾ – 'സലം' എന്നാൽ അറബിഭാഷയിൽ സുൽഹിന്നു പറയുന്നതാകുന്നു – എന്നുവച്ചാൽ, രണ്ടുതരം സമാധാനങ്ങൾ ഞാൻ മുഖേന കൈവരുമെന്നു വിധിയ്ക്കപ്പെട്ടിരിക്കുന്നു. ഒന്നു ആഭ്യന്തരം അതായത്, മുസ്ലിംകൾക്കിടയിലുള്ള ആഭ്യന്തര ശത്രുതകളും കുറ്റാരോപണങ്ങളും അറുതിവരുത്തപ്പെടും. മറ്റൊന്നു, ബാഹ്യം അതായത്, അമുസ്ലിംകൾക്കിടയിലുള്ള വഴക്കുകളും വൈരങ്ങളും അവസാനിപ്പിച്ചു ഇസ്ലാമിന്റെ മഹത്വത്തെ വെളിപ്പെടുത്തിക്കാണിച്ചുകൊണ്ട് അവരെ ഇസ്ലാമിലേക്ക് ആകർഷിക്കും. ഹദീസിൽ സൽമാനെകുറിച്ചു പറയപ്പെട്ടതിന്റെ ഉദ്ദിഷ്ടപുരുഷൻ ഞാൻതന്നെയാകുന്നു. അതു തിരുനബിയുടെ സഹാബിയായിരുന്ന സൽമാൻ അല്ല. എന്തെന്നാൽ ആ സൽമാനിൽ രണ്ടുവിധ സമാധാനങ്ങളുടെ പ്രവചനം നിറവേറുന്നില്ല. ഞാൻ അല്ലാഹുവിൽനിന്നുള്ള വഹ്യിനെ അടിസ്ഥാനമാക്കി പറഞ്ഞുകൊള്ളട്ടെ; ഞാൻ ഫാരിസ് വംശജൻ ആകുന്നു. 'കൻസുൽ ഉമ്മാ'ലിൽ രേഖപ്പെടുത്തപ്പെട്ട ഹദീസ് പ്രകാരം ഫാരിസികൾ ഇസ്രായീല്യരും ഫാത്തിമ വംശജരുമാകുന്നു. ഒരു കശ്ഫിൽ അഥവാ ജാഗ്രദ്ദർശനത്തിൽ ഹസ്രത്ത് ഫാത്തിമ തന്റെ മടിയിൽ എന്റെ ശിരസ്സ് വച്ചതായി എനിക്കു കാണിക്കപ്പെട്ടതിന്റെ അർത്ഥവും ഞാൻ അവരിൽനിന്നുള്ളവനാകുന്നു എന്നത്രെ. ഈ കശ്ഫിനെകുറിച്ചുള്ള വിവരണം 'ബറാഹീനെ അഹ്മദിയ്യ'യിൽ രേഖപ്പെട്ടുകിടക്കുന്നു.

ആ വാക്കുകൾ- വ്യക്തമാക്കിത്തരുന്നത് തിരുനബി (സ) വാഗ്ദത്തപുരുഷനെ തന്റെ പകർപ്പ് (ബുറൂസ്) ആയി വിവരിക്കാൻ ആഗ്രഹിക്കുന്നു എന്നത്രെ. യോശുവാ മൂസാനബി (അ) ന്റെ 'ബുറൂസ്' ആയിരുന്നപോലെ. ബുറൂസ് എന്നു പറഞ്ഞതുകൊണ്ട് പ്രതിപുരുഷൻ യഥാർത്ഥപുരുഷന്റെ പുത്രനോ, പൗത്രനോ ആയിരിക്കണമെന്ന് നിർബന്ധമില്ല. എന്നാൽ, നിശ്ചയമായും ആത്മീയബന്ധത്തെ സംബന്ധിച്ചേടത്തോളം പ്രതിപുരുഷൻ അദ്ദേഹം ആരുടെ പകർപ്പ് ആണോ ആ അസ്സൽ പുരുഷനിൽനിന്നുള്ളയാൾതന്നെയായിരിക്കുകയും ശാശ്വതമായ പരസ്പരാകർഷണവും അന്യോന്യബന്ധവും നിലനിൽക്കുകയും ചെയ്യേണ്ടത് അനുപേക്ഷണീയമാകുന്നു. ചുരുക്കത്തിൽ, 'ബുറൂസി' എന്ന ശബ്ദത്തിന്റെ പൊരുൾ വെളിപ്പെടുത്തുന്നതിന് അത്യാവശ്യമായിട്ടുള്ള വിവരണം വിട്ടുകളയുകയും പ്രതിരൂപാത്മാവ് (ബുറൂസ്) തന്റെ പൗത്രൻ ആയിരിക്കുമെന്നു വെളിപ്പെടുത്തിത്തുടങ്ങുകയും ചെയ്കയെന്നത് തിരുനബിയുടെ ജ്ഞാനപ്രഭാവത്തിന്നു നിരക്കാത്തതാകുന്നു. പൗത്രനായിരിക്കുന്നതിന്ന് 'ബുറൂസു'മായി (പ്രതിരൂപാത്മാവുമായി) എന്തു ബന്ധം? പ്രതിരൂപാത്മാവിൽ (ബുറൂസിൽ) ഈ ബന്ധം അനിവാര്യമായിരുന്നെങ്കിൽ പൗത്രനെന്ന ദുർബ്ബലബന്ധം തിരുനബി (സ) എന്തിന് ഇഷ്ടപ്പെട്ടു? പുത്രൻ അല്ലേ അഭികാമ്യം ? എന്നാൽ, പുത്രൻ എന്നതിന്റെ ഭൗതികാർത്ഥത്തിൽ തിരുനബി (സ) ആരുടെയെങ്കിലും പിതാവായിരിക്കുന്നതിന്റെ സാദ്ധ്യതയെത്തന്നെ അല്ലാഹു അവന്റെ വിശുദ്ധവചനത്തിൽ തള്ളിക്കളഞ്ഞിരിക്കുകയാണെന്നോർക്കണം. മറിച്ച്, പ്രതിരൂപാത്മാവിന്റെ (ബുറൂസിന്റെ) ആവിർഭാവത്തെക്കുറിച്ച് പ്രവചിക്കുകയും ചെയ്തിരിക്കുന്നു.

'ബുറൂസ്' അഥവാ പ്രതിരൂപാത്മാവ് വെളിപ്പെടുന്നതു ശരിയല്ലെന്നാണെങ്കിൽ, وآخرين منهم (അവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലും) എന്ന വചനത്തിൽ അത്തരമൊരു വാഗ്ദത്ത പുരുഷന്റെ സഹചാരികളെ തിരുനബിയുടെ 'സഹാബ'ത്തായി വിവരിച്ചതെങ്ങനെ? 'ബുറു'സിനെ നിഷേധിക്കുമ്പോൾ ആയത്തിനെ കള്ളമാക്കേണ്ടിവരുന്നു. ഭൗതിക വ്യാഖ്യാനം നൽകുന്നവർ ഈ വാഗ്ദത്തപുരുഷനെ ഹസ്രത്ത് ഹസന്റെ പിന്തുടർച്ചാവകാശി ആയും ചിലപ്പോൾ ഹുസൈന്റെയും മറ്റു ചിലപ്പോൾ അബ്ബാസിന്റെയും പുത്രനായും വിവരിച്ചു. എന്നാൽ, തിരുനബിയുടെ ഉദ്ദേശ്യം ഇത്രയുമായിരുന്നു: അതായത്, അദ്ദേഹം സന്താനങ്ങളുടെ മാതിരി പിന്തുടർച്ചവകാശി ആയിരിക്കും. അവിടുത്തെ നാമത്തിന്റെ അവകാശി, അവിടുത്തെ സ്വഭാവഗുണങ്ങളുടെ അവകാശി, അവിടുത്തെ ദിവ്യജ്ഞാനങ്ങളുടെ അവകാശി, അവിടുത്തെ ആത്മീയൗന്നത്യത്തിന്റെ അവകാശി! എല്ലാ വശങ്ങളിലൂടെയും തന്റെ സ്വത്വത്തിൽ അവിടുത്തെ മനോഹരചിത്രം പ്രതിഫലിപ്പിച്ചു കാട്ടും. അദ്ദേഹം തന്റേതായിട്ടല്ല, മറിച്ചു, തിരുമേനിയിൽനിന്നുതന്നെയുള്ളതായ സകല അനുഗ്രഹസിദ്ധികളും സ്വായത്തമാക്കും. തിരുമേനിയുടെ വ്യക്തിത്വത്തിൽ സ്വത്വം സംഹൃതി ചെയ്തിട്ട് അവിടുത്തെ തിരുമുഖത്തെ പ്രദർശിപ്പിക്കും. ചുരുക്കത്തിൽ, എപ്രകാരം പ്രതിച്ഛായാപരമായി 'സില്ലി' ( ظلى ) ആയ നിലയിൽ അവിടുത്തെ നാമം സ്വീകരിക്കുമോ, അവിടുത്തെ സ്വഭാവപ്രകൃതി സ്വന്തമാക്കുമോ, അവിടുത്തെ ജ്ഞാനം സ്വാംശീകരിക്കുമോ, അപ്രകാരംതന്നെ അവിടുത്തെ 'നബി' എന്ന സ്ഥാനപ്പേരും സ്വായത്തമാക്കും. എന്തുകൊണ്ടെന്നാൽ, 'ബുറൂസി' ആയ ചിത്രം അതിന്റെ

എല്ലാ ഓരോ വശത്തിലൂടെയും മൂലബിംബത്തിന്റെ പൂർണ്ണിമ ആത്മസത്തയിൽ ഉൾക്കൊള്ളാത്തേടത്തോളം പൂർണ്ണമാകുക സാധ്യമല്ല. ചുരുക്കത്തിൽ, 'നുബൂവ്വ'ത്തും (പ്രവാചകത്വവും) നബിയുടെ ഒരു പൂർണ്ണിമ ആകുന്നു. അതുകൊണ്ടുതന്നെ, 'ബുറൂസി' ആയ ചിത്രത്തിൽ ആ പൂർണ്ണിമയും പ്രത്യക്ഷപ്പെടുമാറാകണം. 'ബുറൂസി' ആയ സത്ത അതിന്റെ മൂലസത്തയുടെ പൂർണ്ണമായ ചിത്രം ആയിരിക്കുമെന്ന കാര്യം സകല നബിമാരും അംഗീകരിച്ചുപോന്നിട്ടുണ്ട്. എത്രത്തോളമെന്നാൽ, പേരുപോലും ഒന്നായിത്തീരുന്നു.

ചുരുക്കത്തിൽ, ഈ അടിസ്ഥാനത്തിൽ, ബുറൂസി ആയ നിലയിൽ 'മുഹമ്മദ്' എന്നും 'അഹ്മദ്' എന്നുമുള്ള പേരുകൾ ഒരു ആത്മീയ പിന്തുടർച്ചക്കാരൻ ഉപയോഗിച്ചതുകൊണ്ടു രണ്ടു മുഹമ്മദ്മാരും രണ്ട് അഹ്മദ്മാരും ഉണ്ടെന്ന് അർത്ഥമെടുക്കാവതല്ലാത്തതുപോലെതന്നെ, ഒരു പ്രതിരൂപാത്മാവിന്റെ പ്രവാചകവാദം 'ഖാത്തമുന്നബിയ്യീൻ' എന്ന മുദ്രയുടെ പവിത്രതയ്ക്ക് ഹാനികരമായിരിക്കുന്നുമില്ല. കാരണം, പ്രതിരൂപം മൂലസ്വരൂപത്തിൽനിന്നു ഭിന്നമോ വ്യത്യസ്തമോ ആയിരിക്കാവതല്ല. ഇപ്രകാരം, മുഹമ്മദിന്റെ (സ) പേരിലുള്ള നുബുവ്വത്ത് മുഹമ്മദ് (സ) ൽ തന്നെ നിലനിന്നു. 'ബുറൂ'സിൽ ദ്വൈധീഭാവം ഉണ്ടായിരിക്കാവതല്ലെന്ന കാര്യത്തിൽ എല്ലാ നബിമാരും ഏകാഭിപ്രായക്കാരാകുന്നു. 'ബുറൂ'സിന്റെ അവസ്ഥ ഈ ഈരടിയിൽ പറയപ്പെട്ടിട്ടുള്ളതുപോലെയാകുന്നു.

من تو شدم تو من شدی من تن شدم تو جاں شدی
تا کس نگوید بعد ازیں من دیگرم تو دیگری

മൻ തൂ ശുദം തൂ മൻ ശുദീ
മൻ തൻ ശുദം തൂ ജാൻ ശുദീ
താ കസ് ന ഗോയദ് ബഅദ് അസീൻ
മൻ ദേഗ്റം തൂ ദേഗ്രീ

"ഞാൻ നീ ആയിത്തീർന്നു, നീ ഞാനായും. ഞാൻ ദേഹമായിത്തീർന്നു, നീ ദേഹിയും. ഞാൻ നിന്നിൽനിന്നും ഭിന്നമാണെന്ന് ഇനിയാരും പറയാതിരിക്കട്ടെ!"

എന്നാൽ, ഈസാ (അ) വീണ്ടും ഈ ലോകത്ത് വരികയാണെങ്കിൽ, ഖാത്തമുന്നബിയ്യീന്റെ മുദ്ര പൊട്ടിക്കാതെ വരാൻ സാധിക്കുന്നതല്ല.

ആകയാൽ, ഖാത്തമുന്നബിയ്യീൻ എന്ന മുദ്ര ഒരു ദൈവീകമായ മുദ്രയാകുന്നു. അതു തിരുനബിയുടെ നുബുവ്വത്തിൽ പതിച്ചിട്ടുള്ളതാകുന്നു. ഇതു എന്നെങ്കിലും പൊട്ടിപ്പോവുകയെന്നതു സംഭവ്യമേ അല്ല. എന്നാൽ, തീർച്ചയായും തിരുനബിയ്ക്ക് ഒരു തവണയല്ല, രണ്ടു തവണയല്ല, ഒരായിരം തവണ 'ബുറൂസി' ആയ നിലയിൽ വരാവുന്നതാണ്. 'ബുറൂസി' ആയ നിലയിൽ സകല പരിപൂർണ്ണഭാവങ്ങളോടും കൂടിയുള്ള തന്റെ നുബുവ്വത്ത് വെളിപ്പെടുത്താവുന്നതും തന്നെ. തിരുനബിയുടെ പ്രതിരൂപാത്മകഭാവം ദൈവത്തിൽനിന്നും നിർണീതമായിട്ടുള്ള ഒരു പദവിയായിരുന്നു.

وآخرين منهم لما يلحقوا بهم

"അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലും" (62:3) എന്ന വാക്യത്തിൽനിന്നു ഇതു വ്യക്തമാകുന്നതാണ്.

അമ്പിയാക്കളിൽ (പ്രവാചകൻമാരിൽ) തങ്ങളുടെ പ്രതിരൂപാത്മാക്കളോട് വൈരാഗ്യം ജനിക്കുകയില്ല. എന്തെ

ന്നാൽ, അവർ തങ്ങളുടെതന്നെ രൂപങ്ങളും ചിത്രങ്ങളുമാണല്ലോ. എന്നാൽ, മറ്റുള്ള പ്രതിരൂപാത്മാക്കളുടെ നേരെ തീർച്ചയായും അവർക്ക് അഭിമാനബോധം തോന്നും. നോക്കുക, മൂസാനബി (അ) 'മിഅ്റാജ്'രാത്രി തിരുനബി (സ) തന്റെ സ്ഥാനത്തേയ്ക്കാൾ ഉയർന്നുപോയപ്പോൾ കരഞ്ഞു കരഞ്ഞുകൊണ്ട് തന്റെ അഭിമാനബോധം വെളിപ്പെടുത്തി. എന്നിരിക്കെ, അല്ലാഹു തിരുനബിയോടു നിനയ്ക്കുശേഷം വേറെ യാതൊരു നബിയും വരികയില്ല എന്നു പറയുകയും സ്വന്തം വാക്കിനു വിപരീതമായി ഈസായെ (അ) അയക്കുകയും ചെയ്താൽ ഈ പ്രവൃത്തി തിരുനബിയ്ക്ക് എത്രമേൽ വ്യസനഹേതുകമായിരിക്കില്ല?

ചുരുക്കത്തിൽ, തിരുനബിയുടെ പ്രതിരൂപത്തിന്റെ പ്രവാചകത്വം ഒരു പ്രകാരത്തിലും തിരുനബിയുടെ ഖത്തമുന്നുബുവ്വത്തിൽ ഒരു ഭേദവും വരുത്തുന്നില്ല. മുദ്ര തകർന്നുപോകുന്നുമില്ല. എന്നാൽ, മറ്റേതെങ്കിലും ഒരു സ്വതന്ത്രനബിയുടെ ആഗമനം ഇസ്ലാമിന്റെ അടിത്തറയിളക്കുന്നതിന്നു തുല്യമാണ്. അതുമൂലം തിരുനബിയ്ക്കു വലുതായ ഇകഴ്ച്ച സംഭവിക്കുന്നതുമാണ്. തിരുനബിയല്ല, ഈസാനബിയാണ് ദജ്ജാലിനെ അന്തിക്രസ്തുവിനെ സംഹരിക്കേണ്ടത് എന്നാണല്ലോ അതിന്റെ അർത്ഥം? അതുമുഖേന,

ولكن رسول الله وخاتم النبيين

(പക്ഷെ അല്ലാഹുവിന്റെ റസൂലും ഖാത്തമുന്നബിയ്യീനും ആകുന്നു – 33 : 40)

എന്ന വിശുദ്ധവാക്യം 'നഊദുബില്ലാഹ്' കളവായിത്തീരുന്നതുമാണ്. ഈ ആയത്തിൽ ഒരു പ്രവചനം ഒളിഞ്ഞുകിടക്കുന്നുണ്ട്. നുബുവ്വത്തിനുമേൽ ഖിയാമത്ത്നാൾവരെ മുദ്ര

യടിക്കപ്പെട്ടിരിക്കുന്നു. 'ബുറൂസി'യായ പ്രതിരൂപാത്മാവിന്നല്ലാതെ – അതു തിരുനബിയുടെ പകർപ്പ് തന്നെയാണ് – തുറന്നനിലയിൽ നബിമാരെപോലെ ദൈവത്തിൽനിന്നു പരോക്ഷജ്ഞാനം ആർജ്ജിക്കാൻ ആർക്കുംതന്നെ സാധിക്കുന്നതല്ല എന്നതാണത്. പണ്ടുമുതൽക്കേ വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന പ്രതീകാത്മാവ് അഥവാ, മുഹമ്മദിന്റെ 'ബുറൂസ്', അതു ഞാൻ തന്നെ ആകുന്നു! ചുരുക്കത്തിൽ, 'ബുറൂ'സിയായ പ്രതീകാത്മകമായ നബുവ്വത്ത് എനിയ്ക്ക് അനുഗ്രഹിച്ചു നൽകപ്പെട്ടിരിക്കുന്നു. ഈ നുബുവ്വത്തിന്നെതിരിൽ മുഴുലോകവുംതന്നെ നിർവ്വീര്യമാകുന്നു. എന്തുകൊണ്ടെന്നാൽ, നുബുവ്വത്തിന്മേൽ മുദ്ര അടിക്കപ്പെട്ടിരിക്കുന്നു. തിരുനബിയുടെ സകല പരിപൂർണ്ണതകളും മഹത്വങ്ങളും പ്രതിഫലിപ്പിച്ചുകൊണ്ട് തിരുനബിയുടെ യഥാർത്ഥപ്രതിരൂപം അവസാനകാലത്ത് പ്രത്യക്ഷപ്പെടുവാൻ നിർണയിക്കപ്പെട്ടിരുന്നു! നുബുവ്വത്തിന്റെ സ്രോതസ്സിൽനിന്നു ജലപാനം ചെയ്യുന്നതിനു ഈ മാർഗ്ഗം അല്ലാതെ മറ്റൊരു മാർഗ്ഗവും തുറന്നുകിടക്കുന്നില്ല. ചുരുക്കത്തിൽ, ബുറൂസിയായ നുബുവ്വത്തും റിസാലത്തും മുഖേന ഖാത്തമിയ്യത്തിന്റെ മുദ്ര ക്ഷതപ്പെടുന്നില്ല. എന്നാൽ, ഹസ്രത്ത് ഈസാ (അ) ഇറങ്ങുമെന്നുള്ള,

ولكن رسول الله وخاتم النبيين

എന്ന ആയത്തിനെ കളവാക്കുന്നു എന്ന കുറ്റാരോപണത്തിന്നിരയാകുന്ന വിശ്വാസവിചാരം കാരണം 'ഖാത്തമിയ്യ'ത്തിന്റെ മുദ്ര നിശ്ചയമായും ക്ഷതപ്പെടുന്നു. ഈ നിരർത്ഥകവും വൈരുദ്ധ്യപരവുമായ വിശ്വാസത്തിന് ഖുർആനിലെവിടെയും സൂചനപോലും ഇല്ല. അതു, മുകളിൽ വിവരിച്ച ആയത്തിന്നു കടകവിരുദ്ധവുമത്രെ.

എന്നാൽ, ബുറൂസിയായ നബിയുടെ, തിരുനബിയിൽ നിന്നു പ്രവാചകത്വം ആർജ്ജിച്ചിട്ടുള്ള ഒരാളുടെ ആഗമനം വിശുദ്ധ ഖുർആൻ മുഖേന സ്ഥാപിക്കപ്പെട്ടിട്ടുള്ളതാകുന്നു. وآخرين منهم എന്ന ആയത്തു അതിലേയ്ക്കു തെളിവാകുന്നു. ഈ ആയത്തിൽ മനോഹരമായ ഒരു സൂചനയുള്ളത് സഹാബത്തിൽ ഉൾപ്പെടുത്തിയ ഒരു വിഭാഗത്തെ കുറിച്ചുള്ള വിവരണമാണ്. എന്നാൽ പ്രതീകാത്മാവിന്റെ (ബുറൂസിന്റെ) അതായത്, ആരുടെ മുഖേന ആ വിഭാഗം സഹാബത്ത് ആയിത്തീരുന്നുവോ, തിരുനബിയുടെ ആത്മീയ ശിക്ഷണത്തിന് പാത്രീഭൂതരായ സഹാബത്തിനെപോലെയായി കരുതപ്പെട്ടിരിക്കുന്നുവോ ആ വാഗ്ദത്തമസീഹിനെപറ്റി അതിൽ വിവരിക്കപ്പെട്ടിട്ടില്ല. ഈ വിവരണത്തിന്റെ അഭാവം സൂചിപ്പിക്കുന്നത് ബുറൂസ്* ആയ വ്യക്തിത്വത്തിന്, പ്രതീകാത്മകത്വത്തിന് സ്വതന്ത്രമായ ഒരു ആത്മീയാസ്തിത്വമില്ലെന്നും അതുകൊണ്ട് ബുറുസീനുബുവ്വത്തും റിസാലത്തും തിരുനബിയുടെ 'ഖാത്തമുന്നബിയ്യീൻ' എന്ന പദവിയെ ബാധിക്കുകയേ ഇല്ല എന്നുമത്രെ. അതുകൊണ്ടാണ് ദിവ്യവചനത്തിൽ അദ്ദേഹത്തെ നാസ്തിയായി പരിഗണിച്ചു തിരുമേനിയെപറ്റി മാത്രം പ്രസ്താവിച്ചത്.

ഇപ്രകാരം തന്നെ,

إنا أعطيناك الكوثر

"നിശ്ചയമായും നാം നിനയ്ക്ക് അവസാനിക്കാത്ത നന്മകൾ നൽകി" (108:1) എന്ന വചനത്തിലും ഒരു പ്രതിരൂപാത്മാവിന്റെ പ്രാദുർഭാവത്തെകുറിച്ചുള്ള പ്രവചനം അടങ്ങി

---

* 'ബുറൂസ്' എന്ന പാർസി വാക്കിന്റെ അർത്ഥം അവതാരം, പ്രാദുർഭാവം, പ്രതിരൂപം, പകർപ്പ് എന്നിങ്ങനെയാണ് –വിവ.

യിരിക്കുന്നു. ആ പ്രാദുർഭാവത്തിലും 'കൗസർ' അഥവാ ആത്മീയാനുഗ്രഹങ്ങളുടെ ഉറവകൾ വെളിപ്പെടുകയും, അവ പ്രവഹിച്ചു തുടങ്ങുന്നതോടെ ഇസ്ലാമിലെ സത്യവിശ്വാസി കളുടെ എണ്ണം ലോകത്ത് പെരുകുകയും ചെയ്യും. ഈ വചനത്തിലും ഔരസപുത്രന്മാരുടെ ആവശ്യകതയെ അവമതിക്കുകയും 'ബുറൂസി'യായ മക്കളെ അഥവാ അത്മീയപുത്രന്മാരെകുറിച്ചു പ്രവചിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഞാൻ ഇസ്രായീലിയും അതേ അവസരത്തിൽ ഫാത്തിമിയും ആയിരിക്കുന്നുവെങ്കിലും, രണ്ടു തരം രക്തബന്ധങ്ങളാലും അനുഗ്രഹിക്കപ്പെട്ടവനാണെന്നിരിക്കിലും തിരുനബിയുമായുള്ള എന്റെ പ്രതിരൂപാത്മകതയ്ക്കാണ്, ആത്മീയബന്ധത്തിനാണ് ഞാൻ പ്രാമുഖ്യം കൽപിക്കുന്നതു.

ഞാനിത്രയും വിവരിച്ചുപറഞ്ഞിട്ടുള്ളതിന്റെ ആകസ്സാരം എന്തെന്നാൽ, അറിവുകെട്ട എന്റെ എതിരാളികൾ ഞാനൊരു സ്വതന്ത്രനബിയാണെന്നു അഥവാ, സ്വതന്ത്രറസൂലാണെന്നു വാദിച്ചതായി ആരോപിക്കുന്നതു ശരിയല്ല എന്നത്രെ. ഞാൻ അത്തരമൊരു വാദം പുറപ്പെടുവിച്ചിട്ടില്ല. അവർ നബി എന്നതിനും റസൂൽ എന്നതിനും കൽപിക്കുന്ന അർത്ഥത്തിൽ ഞാൻ പ്രവാചകനോ ദൈവദൂതനോ ആണെന്ന് വാദിക്കുന്നില്ല. എന്നാൽ, മുകളിൽ വിവരിച്ച അർത്ഥത്തിൽ ഞാൻ ഒരു നബിയും റസൂലും തന്നെ. ഞാൻ അവർ പറയുന്ന തരത്തിലുള്ള നുബുവ്വത്തും റിസാലത്തും വാദിച്ചതായി എന്നെക്കുറിച്ചു കുത്സിതബുദ്ധ്യാ ആരോപിക്കുന്നവർ കള്ളം പറയുകയാകുന്നു. അതു അവിശുദ്ധമായ വിചാരത്താൽ പ്രചോദിതമാകുന്നു. എന്നെ 'ബുറൂസി' ആയ രൂപത്തിൽ നബിയും റസൂലും ആക്കിയിരിക്കുന്നു. ഇതേ അടിസ്ഥാന

ത്തിൽ ദൈവം അടിക്കടി എന്റെ പേർ 'നബിയുല്ലാഹ്' എന്നും വച്ചിരിക്കുന്നു. എന്നാൽ, ബുറൂസി (പ്രതിച്ഛായാ) രൂപത്തിൽ മാത്രം. എന്റെ വ്യക്തിത്വം മദ്ധ്യത്തിലെവിടെയും ഇല്ല. മുഹമ്മദ് മുസ്തഫാ (സ) തന്നെയാണ് എന്നിൽ പ്രതിഭാസിക്കുന്നത്. അതുകൊണ്ടാണ് ഞാൻ മുഹമ്മദ് എന്നും അഹ്മദ് എന്നും വിളിയ്ക്കപ്പെട്ടിരിക്കുന്നത്. നുബുവ്വത്തും റിസാലത്തും അന്യരുടെ ആരുടെയും അടുക്കലേയ്ക്ക് പോയില്ല. മുഹമ്മദിന്റെ (സ) നുബുവ്വത്ത് മുഹമ്മദിന്റെ (സ) അടുക്കൽതന്നെ നിലനിന്നിരിക്കുന്നു.!

വിനീതൻ,

5 നവമ്പർ 1901

മിർസാ ഗുലാംഅഹ്മദ്,

ഖാദിയാൻ.